# അടിയന്തിരം

എൻ.എം3/37857/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 10/08/2015

എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം ഉച്ചഭക്ഷണപദ്ധതി - സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിലേക്കായി കണ്ടിജന്റ് ചാർജ് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 31.07.2015-ലെ ഈ കാര്യാലയത്തിലെ ഇ-മെയിൽ സന്ദേശവും പ്രൊഫോർമയും.

സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിനായി കണ്ടിജന്റ് ചാർജ് ഇനത്തിൽ സ്കൂൾ പ്രധമാധ്യാപകരുടെ അക്കൗണ്ടിലേക്ക് 30.06.2015 തീയതിയിൽ ഫണ്ട് ട്രാൻഫർ ചെയ്ത് ഉത്തരവാകുന്നു. എന്നാൽ സ്കൂൾ ബാങ്ക് അക്കൗണ്ട് നമ്പർ/ I.F.S.C Code-കളിൽ തെറ്റ് സംഭവിച്ചതിനാൽ 200-നു താഴെ സ്കൂളുകളിൽ ഫണ്ട് ലഭിക്കാത്ത സ്ഥിതി സംജാതമായിട്ടുണ്ട്.അതാത് വർഷത്തിലെ School Master Data -യിൽ നിന്നും എടുക്കുന്ന അക്കൗണ്ട് നമ്പർ/ I.F.S.C Code-ലേക്കാണ് ഫണ്ട് അനുവദിച്ചു വരുന്നത്. ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസുകളിൽ മേൽ അക്കൗണ്ട് നമ്പറുകൾ ശരിയായ വിധത്തിൽ വെരിഫിക്കേഷൻ നടത്താത്തതിനാലാണ് ഇതു സംഭവിച്ചുവരുന്നത്. School Master Data Entry ചെയ്യുന്നതിനും തിരുത്തൽ വരുത്തുന്നതിനുമുള്ള പൂർണ്ണഉത്തരവാദിത്വം ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലാണ്. മേൽ അക്കൗണ്ട് നമ്പറിൽ തെറ്റുകൾ വരുന്നതിനാൽ ഫണ്ട് ലഭിക്കുന്നതിൽ സ്കൂളുകളിലും ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് ഡയറക്ടേറ്റ്, ബാങ്ക് എന്നിവയിൽ വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നു.

2015-16 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു കണ്ടിജന്റ് ചാർജ് 30.07.2015 തീയതിയിലെ School Master Data യുടെ അടിസ്ഥാനത്തിലാണ് നൽകാൻ പോകുന്നത്. School Master Data പരിശോധിച്ചതിൽ ധാരാളം എ.ഇ.ഒ ഓഫീസുകളിലെ പരിധിയിൽപെട്ട സ്കൂളുകളിലെ അക്കൗണ്ട് നമ്പർ/I.F.S.C Code-കളിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള പ്രൊഫോർമ അയയ്ക്കുമ്പോൾ മേൽ കാര്യങ്ങളും, കുട്ടികളുടെ എണ്ണം, കുടിശ്ശിക എന്നിവ സംബന്ധിച്ച് കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ പ്രൊഫോർമ അയയ്ക്കാവൂ. രണ്ടാം ഗഡു വിതരണത്തിൽ ബാങ്ക് അക്കൗണ്ട്/ I.F.S.C Code-ളിൽ തെറ്റ് മൂലം ഫണ്ട് വിതരണം മുടങ്ങിയാൽ അതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിന് തന്നെയായിരിക്കുമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

വിലാസിനി കേരാരമംഗലത്ത്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി